# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *173** **03-05-2017 - ൽ മറുപടിയ്ക്ക്**

**വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളുടെ ഗുണനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>" ജി.എസ്. ജയലാൽ<br>" ആർ. രാമചന്ദ്രൻ<br>" കെ. രാജൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിൽ 2016-17 വർഷത്തിൽ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ വാങ്ങാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) 2016-17 വർഷത്തിൽ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ വാങ്ങാൻ 80,33,742/- രൂപ ചെലവഴിച്ചു. |
| (ബി) ഈ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഗുണ നിലവാരമുള്ളതാണോയെന്ന് പരിശോധിക്കാൻ ഇവാല്യവേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെ; | (ബി) ഉണ്ട്. വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളുടെ സാമ്പിൾ ഇവാല്യവേഷനായി ലീഗൽ മെട്രോളജി ഉത്തര മേഖല ഡെപ്യൂട്ടി കൺട്രോളർ ശ്രീ. ഐ. രാമപ്രസാദഷെട്ടി ചെയർമാനും, ശ്രീമതി. സുജ ജോസഫ്.കെ (അസിസ്റ്റന്റ് കൺട്രോളർ, സെൻട്രൽ ലാബ്), ശ്രീ. എസ്. വി.മനോജ് കുമാർ (അസിസ്റ്റന്റ് കൺട്രോളർ, ഇടുക്കി), ശ്രീ. ബി. ഐ. ശൈലാസ് (അസിസ്റ്റന്റ് കൺട്രോളർ, ഫ്ലൈയിംഗ് സ്ക്വാഡ്,കൊല്ലം) ശ്രീ.എസ്.എസ്.അഭിലാഷ് (അസിസ്റ്റന്റ് കൺട്രോളർ, കാസർഗോഡ്), ശ്രീ. കെ.എം.മുഹമ്മദ് ഇസ്മായിൽ (ഇൻസ്പെക്ടർ, മൂവാറ്റുപുഴ), ശ്രീ. സുധീപ്.കെ.വി (ഇൻസ്പെക്ടർ,സർക്കിൾ-II, കോഴിക്കോട്) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ അംഗങ്ങളുമാണ്. കൂടാതെ External Technical Expert ആയി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ അസി. പ്രൊഫസർ. ശ്രീ. അനീഷ് ബാബു.കെ.യെ കൂടി സാമ്പിൾ ഇവാല്യവേഷൻ പ്രക്രിയയിൽ ഉൾപ്പെടുത്തി യിട്ടുമുണ്ട്. ടെസ്റ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ടെണ്ടർ ലഭിച്ച സ്ഥാപനങ്ങൾ സപ്ലൈ ചെയ്ത വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളുടെയെല്ലാം ഇവാല്യവേഷൻ |

നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനായി ശ്രീമതി. ആർ. റീന ഗോപാൽ, ചെയർ പേഴ്സനായും, ശ്രീമതി.സുജ ജോസഫ്.കെ, അസിസ്റ്റന്റ് കൺട്രോളർ, സെൻട്രൽ ലാബ്, ശ്രീ. എസ്. വി.മനോജ് കുമാർ (അസിസ്റ്റന്റ് കൺട്രോളർ, ഇടുക്കി), ശ്രീ. ബി. ഐ.ശൈലാസ് (അസിസ്റ്റന്റ് കൺട്രോളർ, ഫ്ലൈയിംഗ് സ്ക്വാഡ്, കൊല്ലം) ശ്രീ.എസ്.എസ്.അഭിലാഷ് (അസിസ്റ്റന്റ് കൺട്രോളർ, കാസർഗോഡ്), ശ്രീ. കെ. എം. മുഹമ്മദ് ഇസ്മായിൽ (ഇൻസ്പെക്ടർ, മൂവാറ്റുപുഴ), ശ്രീ. സുധീപ്.കെ.വി (ഇൻസ്പെക്ടർ, സർക്കിൾ-II, കോഴിക്കോട്) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ അംഗങ്ങളായി ഒരു ഇവാല്വേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

**(സി)** കഴിഞ്ഞ തവണ വകുപ്പിൽ വാങ്ങിയ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ഇല്ലെങ്കിൽ ഇവയുടെ ഗുണ നിലവാരം സാക്ഷ്യപ്പെടുത്തിയ കമ്മിറ്റിക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്ത മാക്കുമോ?

**(സി)** 2013-14 സാമ്പത്തിക വർഷത്തിൽ 20kg വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ (21 എണ്ണം) 200g വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ (21 എണ്ണം) 50kg വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ (20 എണ്ണം) എന്നിവ യഥാക്രമം M/s. Accurate Trade Links, M/s. Thulabhavan, M/s. Accurate Trade Links എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ടുള്ളതാണ്. ഇതിൽ 20kg. കപ്പാസിറ്റിയിലുള്ള 11 വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഇപ്പോൾ ഉപയോഗിക്കാൻ യോഗ്യമല്ല. ടി വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾക്ക് വാറന്റി പിരീഡ് നിലവിലുള്ളതിനാൽ പ്രവർത്തന തകരാർ പരിഹരിക്കുന്നതിനായി അവ വിതരണം ചെയ്ത M/s.Accurate Trade Links സ്ഥാപനത്തിന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. ടി ബാലൻസുകൾ വാങ്ങുന്നതിന്റെ ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടി വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളുടെ സാമ്പിൾ ഇവാല്വേഷൻ 12-03-2014-ൽ വകുപ്പിലെ ഡെപ്യൂട്ടി കൺട്രോളർമാരായ ശ്രീമതി. റീന ഗോപാൽ, ശ്രീ. ടി. ശൈലേഷ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് External Technical Expert Sri.Abdulla.P, KUSAT, Kochi-യെ കൂടി ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ

പൂർത്തിയാക്കിയാണ് 20kg, 50kg, 200g ബാലൻസുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ വാങ്ങിയ 21 എണ്ണം 20kg വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളിൽ 11 എണ്ണം വാറന്റി പിരീഡിനുള്ളിൽ തന്നെ തകരാറിലാവുകയും അത് പരിഹരിക്കുന്നതിന് കത്തിടപാടുകൾ നടത്തി വരികയുമാണ്.
ടി തകരാർ പരിഹരിക്കുന്നത് വരെ 20kg വർക്കിംഗ് സ്റ്റാൻഡേർഡുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് Security Deposit ആയി M/s. Accurate Trade Links -ൽ നിന്നും വാങ്ങിയിട്ടുള്ള 1,80,757/- രൂപ മടക്കി നൽകുന്നതല്ല.

സെക്ഷൻ ഓഫീസർ